## വെളിച്ചെണ്ണ വിലയിടിവ്

# 36 ലക്ഷം കർഷക കുടുംബങ്ങൾ പട്ടിണിയിലേക്ക്

അരുൺ ആർ നായർ

കേരളത്തിലെ 36 ലക്ഷം കുടുംബങ്ങൾ തേങ്ങയുടെ വിലയിടിവ് കാരണം നരകയാതന അനുഭവിക്കുന്നു. ഇവിടത്തെ 9 ലക്ഷം ഹെക്ടർ തെങ്ങിൻ തോട്ടങ്ങളിൽ 90 ശതമാനവും അര ഹെക്ടറിനു താഴെയുള്ള ചെറിയ തോട്ടങ്ങളാണ്. തെങ്ങിൽ നിന്നുള്ള വരുമാനത്തെ മാത്രം ആശ്രയിച്ചു കഴിയുന്നവരാണ് ബഹുഭൂരിപക്ഷം കേരകർഷകരും. ജീവിത രീതിയിൽ വന്നമാറ്റവും നിത്യോപയോഗ സാധനങ്ങൾക്ക് ഉണ്ടായ വിലവർദ്ധ നവും നിമിത്തം തെങ്ങിൽ നിന്നുള്ള വരുമാനത്തെ മാത്രം ആശ്രയിക്കുന്ന കുടുംബങ്ങൾ ഇപ്പോൾ പട്ടിണിയിലാണ്. കഴിഞ്ഞ വർഷം ആഗസ്റ്റിൽ 1000 തേങ്ങയ്ക്ക് 5000 രൂപ കിട്ടിയിരുന്നത് ഇപ്പോൾ അത് 2000 രൂപയ്ക്കും താഴെയാണ്. വെട്ടുക്കൂലിയും കൃഷി ചെലവും 'കഴിഞ്ഞ് കർഷകന്റെ കൈയിലെത്തുന്നത് എത്രയെന്ന് ഊഹിക്കാവുന്നതേയുള്ളു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് മൂലം കൂട്ട ആത്മഹത്യ കളും പട്ടിണി മരണങ്ങളും അടിക്കടി ഉണ്ടാകാറുണ്ട്. 1998-ൽ ആന്ധ്രാപ്രദേശിൽ പരുത്തിയുടെ വിലയിടിവ് മൂലം 200 കർഷകരാണ് കൂട്ട ആത്മഹത്യ ചെയ്തത്. നാളികേരത്തിന്റെ വിലയിടിവ് തുടർന്നാൽ അത്തരമൊരു സ്ഥിതിവിശേഷം ഇവിടെ ആവർത്തിക്കാനാണ് സാധ്യത.

നാളികേരത്തിന്റെ വിലയിടിവ് എന്തുകൊണ്ട്? ഇതിനു പ്രതിവിധിയെന്താണ്? തുടങ്ങിയ ചോദ്യങ്ങൾക്ക് റെഡിമെയ്ഡായി കുറെ ഉത്തരങ്ങൾ നമ്മുടെ ഭരണാധികാരികൾക്കും, രാഷ്ട്രീയക്കാർക്കും, സാമ്പത്തികവിദഗ്ദ്ധർക്കുമുണ്ട്. കുറെക്കാലമായി ഒരു നേർച്ച പോലെ പുലമ്പികൊണ്ടിരിക്കുകയാണവർ. ഇതിനു ബദലായി ചോദ്യങ്ങൾ ഉന്നയിക്കാനോ പരിഹാരം നിർദ്ദേശിക്കാനോ വേണ്ട സംഘടനാ ശേഷിയോ വിജ്ഞാന പിൻബലമോ നേതൃത്വമോ ഇല്ലാത്തവരാണ് ഇവിടത്തെ കേരകർഷകർ. ഇതാണ് കേരളത്തിന്റെ ഗതികേട്.

കഴിഞ്ഞ വർഷത്തെ തേങ്ങ ഉല്പാദനം 66,720 കോടിയായിരുന്നു. പടർന്നു വ്യാപിച്ച മണ്ഡരി നിമിത്തം ഇത്തവണ ഉത്പാദനം കുറയാനാണ് സാദ്ധ്യത. കഴിഞ്ഞ വർഷം കിട്ടിയതിന്റെ പകുതിയിൽ താഴെയാണ് ഇപ്പോഴത്തെ വില. അതനുസരിച്ച് 2000 കോടി രൂപയിൽ അധികമായിരിക്കും വിലയിടിവ് മൂലം കേരളത്തിന് നഷ്ടമായത്.

തലതിരിഞ്ഞ ഇറക്കുമതി നയംതന്നെയാണ് നാളികേര വിലയിടിവിന് കാരണമായത്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന വെളിച്ചെണ്ണയുടെ പകുതിമാത്രമാണ് ഭക്ഷ്യാവശ്യത്തിന് ഉപയോഗിക്കുന്നത്. വിലക്കുറവ് കാരണം ഭക്ഷ്യാവശ്യത്തിനുള്ള വെളിച്ചെണ്ണയുടെ പകരക്കാരനായി പാമോയിൽ മാറിക്കഴിഞ്ഞു. പാമോയിലിന്റെ ഇറക്കുമതി ചുങ്കം കുറച്ചത് പാമോയിലിന്റെ വില വീണ്ടും താഴാൻ ഇടയാക്കി. പാമോയിലിന്റെ ഇറക്കുമതി ചുങ്കം കൂട്ടനോ വെളിച്ചെണ്ണ ഇറക്കുമതി നിയന്ത്രിക്കാനോ കാര്യമായ രാഷ്ട്രീയസമ്മർദ്ദം ഉണ്ടാകുന്നുമില്ല. വെളിച്ചെണ്ണയുടെ നല്ല ഉപഭോക്താക്കളായിരുന്ന ബോംബെ ലോബി ഇപ്പോൾ കേരളത്തെ ആശ്രയിക്കുന്നില്ല. ഇന്തോനേഷ്യ, ഫിലിപ്പീൻസ്, ശ്രീലങ്ക, മലേഷ്യ എന്നിവിടങ്ങളിൽ നിന്നും കുറഞ്ഞ വിലക്ക് വെളിച്ചെണ്ണ ഇറക്കുമതി ചെയ്യാൻ അവർക്കു കഴിയുന്നു. സോപ്പ് നിർമ്മാതാക്കൾ വെളിണ്ണയ്ക്ക്പകരം ഇറക്കുമതി ചെയ്യുന്ന പാംഫാറ്റി ആസിഡിനെയും, ഫാറ്റിസ്റ്ററിനെയും ആണ് ഇപ്പോൾ ആശ്രയിക്കുന്നത്. ഇതിന്റെ ഇറക്കുമതി ചുങ്കം 85 ശതമാനം വരെ കുറക്കുകയുണ്ടായി.

കേന്ദ്ര സർക്കാരിന്റെ താങ്ങുവിലപ്രഖ്യാപനത്തിനും നാഫേഡിന്റെ കൊപ്രാ സംഭരണത്തിനും ഒരു പരിധിവരെ വിലയിടിവ് തടഞ്ഞു നിർത്താനാവുമായിരുന്നു. ഉത്പാദിപ്പിക്കുന്ന കൊപ്രയുടെ 30 ശതമാനമെങ്കിലും നാഫെഡ് വാങ്ങണം, എന്നാൽ നാഫെഡ് ഇപ്പോൾ ഗോഡൗൺ സൗകര്യമില്ല എന്ന കാരണത്താൽ കൊപ്രാ ആറുമാസത്തിൽ കൂടുതൽ സൂക്ഷിക്കുകയില്ല. ഇത് വീണ്ടും കമ്പോളത്തിൽ എത്തുമ്പോൾ വെളിച്ചെണ്ണ വില ഇനിയും കുറയാനാണ് സാധ്യത. തേങ്ങയിൽ നിന്നും മൂല വർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കി വിലയിടിവ് നേരിടണമെന്നത് ഒരു അപ്രായോഗിക നിർദ്ദേശമാണ്. മാത്രമല്ല വമ്പൻ കമ്പനികളുടെ ബ്രാൻഡോടുകൂടി തേങ്ങാപൊടിയും, തേങ്ങാപ്പാലും വ്യാപകമായി വിപണിയിലിറങ്ങിയാൽ തേങ്ങയുടെ ഉപഭോഗം വീണ്ടും കുറയും. കേരളത്തിലെ 45 ശതമാനം തേങ്ങ എണ്ണയ്ക്കുവേണ്ടി

(ശേഷം 5-ാം പേജിൽ)

### പിണ്ണാക്കും ചകിരിയും ഇറക്കുമതി ചെയ്യുന്നു.

എണ്ണയുടെയും പിണ്ണാക്കിന്റെയും വില അടിസ്ഥാനപ്പെടുത്തിയാണ് കൊപ്രയുടെ വില നിശ്ചയിക്കുന്നത്. ഒരു ക്വിന്റൽ വെളിച്ചെണ്ണയുടെ 62.5 ശതമാനവും പിണ്ണക്കിന്റെ 35 ശതമനാവുമാണ് കൊപ്രയുടെ കമ്പോളവില. പിണ്ണാക്ക് വളമായും കാലിത്തീറ്റ യായും ഉപയോഗിക്കുന്നു. ഗ്രാമീണ വിപണിയലെ അവശ്യ വസ്തുവായ പിണ്ണാക്കിന് ഇപ്പോൾ ക്വിന്റലിന് 550 രൂപ വിലയുണ്ട്. ശ്രീലങ്കയിൽ നിന്നും 10 കണ്ടെയ്നർ പിണ്ണാക്ക് എത്തിക്കഴിഞ്ഞു. ഫിലിപ്പീൻസ്, ഇന്തോ നേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും പിണ്ണാക്ക് എത്തുമെന്ന് സൂചനയുണ്ട്. ആഭ്യന്തര വിലയേക്കാൾ ഏറെ താഴെയായിരിക്കും ഇറക്കുമതി പിണ്ണാക്കിന്റെ വില.

ചകിരിയും ഇറക്കുമതി ചെയ്തു വരുന്നു. തൊണ്ടും, ചിരട്ടയും, കൊതുമ്പും, ഓലയും ഇറക്കുമതി ചെയ്യാനുള്ള സാദ്ധ്യത തമാശയായി തള്ളിക്കളയാനാവില്ല.

### തേങ്ങയുടെ വില തകർച്ച എന്തുകൊണ്ട് ?

- പാംഓയിൽ ഉൾപ്പെടെ വില കുറഞ്ഞ ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി സർക്കാർ നിയന്ത്രിക്കുന്നില്ല. ലോകവിപണിയിൽ വെളിച്ചെണ്ണയ്ക്ക് 420 ഡോളർ വിലയുള്ളപ്പോൾ പാംഓയിലിന് 310 ഡോളറേ വിലയുള്ളൂ.
- 60 ലക്ഷം ടൺ ഭക്ഷ്യഎണ്ണ ഉപയോഗി ക്കുന്ന ഇന്ത്യയിൽ വെളിച്ചെണ്ണ ഉപഭോഗം വെറും 6 ശതമാനമായി കുറഞ്ഞു.
- വ്യവസായ ഉല്പന്നമായി വെളിച്ചെണ്ണയ്ക്കുണ്ടായിരുന്ന സ്ഥാനം നഷ്ടമായി. വ്യവസാ യികൾ ഇറക്കുമതി ചെയ്യുന്ന വെളി ച്ചെണ്ണയാണ് ഉപയോഗിക്കുന്നത്. ആഭ്യന്തര വിപണിയിൽ നിന്നും 5 ശതമാനം പോലും ശേഖരിക്കുന്നില്ല.
- അയൽ സംസ്ഥാനങ്ങളിൽ തേങ്ങയുടെ ഉല്പാദനം കൂടി. ഉത്തരേന്ത്യൻ വ്യാപരികൾ വെളിച്ചെണ്ണയ്ക്ക് അവരെയാണ് ആശ്രയിക്കുന്നത്.
- നാഫെഡ് കൊപ്ര സംഭരണം നിയുത്തി. ശേഖരിക്കുന്ന കൊപ്ര ആറുമാസത്തിലധികം സൂക്ഷിച്ചു വയ്ക്കുന്നില്ല. 25,000 ടണിൽ അധികം കൊപ്ര സംഭരിച്ചിട്ടുണ്ട്. അത് വിപണിയിലിറക്കിയാൽ വില ഇനിയും ഇടിയും.
- വെളിച്ചെണ്ണ കയറ്റുമതി ചെയ്യാൻ കേന്ദ്രം സബ്സിഡി നല്കുന്നില്ല. മറ്റു രാജ്യങ്ങൾ വൻ സബ്സിഡി നൽകിയാണ് വെളിച്ചെണ്ണ കയറ്റുമതി ചെയ്യുന്നത്.
- സോപ്പുണ്ടാക്കാൻ എണ്ണയ്ക്കു പകരക്കാരനായി ഉപയോഗിക്കുന്ന പാം ഫാക്ടി ആസിഡുകളുടെ ഇറക്കുമതി ചുങ്കം ഗണ്യമായി വെട്ടിക്കുറച്ചു.

# വെളിച്ചെണ്ണ വിലയിടിവ്

(1-ാം പേജ് തുടർച്ച)

അല്ലാതെ ഉപയോഗിച്ചു വരുന്നു.

കരിക്കിന് വിപണി കണ്ടെത്തുക എന്നത് ഒരു പ്രായോഗിക നിർദ്ദേശമാണ്. 10 രൂപയ്ക്ക് പെപ്സിയും കൊക്കകോളയും വാങ്ങിക്കുടിക്കുന്നവർ കരിക്കുകുടിക്കുവാൻ തയ്യാറാവണം.

ബേക്കറിയിലൂടെയും കൂൾബാറിലൂടെയും, ഐസ്ക്രീം പാർലറുകളിലൂടെയും കരിക്ക് വില്ക്കാൻ വ്യാപാരികൾ തയ്യാറാകുമോ എന്നതാണ് പ്രശ്നം.

മലേഷ്യൻ ഗവൺമെന്റ് ഇന്ത്യയിൽ പാംഓയിൽ വിറ്റഴിക്കാൻ പാംഓയിൽ പ്രമോഷൻ കൗൺസിൽ രൂപികരിച്ചിട്ടുണ്ട്. അവർ പാംഓയിലിന്റെ വില്പന കൂട്ടാൻ

വിവിധ തന്ത്രങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുന്നുണ്ട്. വെളിച്ചെണ്ണയ്ക്കു വേണ്ടി ശബ്ദിക്കാൻ സർക്കാർ എജൻസികളോ സർക്കാരിതര എജൻസികളോ ഇല്ല.

കേരകർഷകരുടെ സംഘടിത ശ്രമത്തിലൂടെ നാളികേരത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ. അതിന് കക്ഷിരാഷ്ട്രീയത്തിനതീതമായി നാളികേര രാഷ്ട്രീയം ഉയർന്നു വരേണ്ടതുണ്ട്. ♦